# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1579 - 04/10/2016 - ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ

**ചോദ്യം**

**ഉത്തരം**

**ശ്രീ.എൽദോ എബ്രഹാം**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരുടെ വായ്പാതുക ഈടാക്കുന്നതിന് ജപ്തി നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | വിദ്യാഭ്യാസ വായ്പയിൻ മേലുള്ള കിട്ടാകടം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ബാങ്കുകൾ നിയമം അനുശാസിക്കുന്ന നടപടികൾ കൈക്കൊള്ളുവാൻ ബാദ്ധ്യസ്ഥരാണ്. എന്നിരുന്നാലും 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ വായ്പയിൻ മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും സർക്കാർ മൊറട്ടോറിയം ഏർപ്പെടുത്തി നൽകുന്നുണ്ട്. ഇപ്രകാരം ഏറ്റവും ഒടുവിൽ 31.05.2016 വരെ മൊറട്ടോറിയം ദീർഘിപ്പിച്ച് നൽകുകയുണ്ടായി. |
| (ബി) | വിദ്യാഭ്യാസ വായ്പ കുടിശ്ശിക ആയത് തിരിച്ചടയ്ക്കുന്നതിന് എന്തൊക്കെ ഇളവുകളാണ് നൽകുന്നതെന്ന് അറിയിക്കാമോ? | 2004-2009 കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാതെ അവശത അനുഭവിക്കുകയും ചെയ്യുന്ന ബി..പി.എൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്ന ഒരു വിദ്യാഭ്യാസ വായ്പ പലിശയിളവ് പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ, വിദ്യാഭ്യാസ വായ്പ കുടിശ്ശികയായ കേസുകളിൽ അതാതു ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യവും ലഭ്യമാണ്. |

*അക്കൗണ്ട്സ് ഓഫീസർ*